**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ വനപ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ ; ഏതൊക്കെ മേഖലകളിലാണ് ഇനിയും അതിർത്തി നിർണ്ണയം പൂർത്തീകരിക്കാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) | പൂർത്തീകരിച്ചിട്ടില്ല. അതിർത്തിനിർണ്ണയം പൂർത്തീകരിക്കാനുള്ള സർക്കിൾ തലത്തിലുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ബി) | ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിനും വനാതിർത്തികളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (ബി) | വനാതിർത്തി സർവ്വേ, ജിയോറഫറൻസിംഗ് എന്നിവ Differential Global Positioning System (DGPS) ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനുവേണ്ട പ്രാരംഭ പഠനം (Pilot Study) തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ നടത്തുന്നതിനും, ആയത് ഉപയോഗപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കുന്നതിലേയ്ക്കുമായി Ministry of Environment Forest and Climate Change ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയെ (FSI) ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിലാണ് പൈലറ്റ് സ്റ്റഡി നടത്തിയത്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ Standard Operating Procedure (SOP) പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേയ്ക്കും, വനാതിർത്തികളുടെ ഡിജിറ്റൈസേഷനും, റവന്യൂ സർവ്വേ എന്നീ വകുപ്പുകളുടെ സഹായത്തോടു കൂടി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| സർക്കിൾ | ഡിവിഷൻ | റിമാർക്സ് |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | തിരുവനന്തപുരം | അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുണ്ട്. |
| | തെന്മല | 6 വെസ്റ്റഡ് ഫോറസ്റ്റുകളിലും ഇനിയും അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുണ്ട്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | നഗരമ്പാറ റെയിഞ്ചിലെ കലംകമിഴ്ത്തി, ആൽപ്പാറ, പാൽകുളമേട്, ഇടത്തട്ട്, മുളകുവള്ളി എരുമേലി റെയിഞ്ചിലെ ആഴങ്ങാട്, മേക്കുന്നം, സത്രം ഭാഗങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുണ്ട്. |
| | കോതമംഗലം | തൊടുപുഴ റെയിഞ്ചിലും, കാളിയാർ റെയിഞ്ചിലേയും, മുള്ളരിങ്ങാട് റെയിഞ്ചിലേയും കയ്യേറ്റങ്ങൾ ഉള്ള വനഭൂമിയിലും അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുണ്ട്. |
| | മൂന്നാർ | അടിമാലി, നേര്യമംഗലം ദേവികുളം റെയിഞ്ചുകളിലെ കയ്യേറ്റവനഭൂമികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിക്കുവാനുണ്ട്. |
| | മാങ്കുളം | സെറ്റിൽമെന്റ് നടപടികൾ നടന്നുവരുന്നതിൽ വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | | മുഴുവൻ പ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത് | എടവണ്ണ, നിലമ്പൂർ, വഴിക്കടവ് എന്നീ റെയിഞ്ചുകളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിക്കുവാനുണ്ട്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നെന്മാറ | നെന്മാറ, നെല്ലിയാമ്പതി എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| | പാലക്കാട് | ഒറ്റപ്പാലം, ഒലവക്കോട്, വാളയാർ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| | മണ്ണാർക്കാട് | അഗളി, മണ്ണാർക്കാട്, അട്ടപ്പാടി എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരി |

| | | |
|---|---|---|
| | | ച്ചിട്ടില്ല. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കോഴിക്കോട് | പെരുവണ്ണാമൂഴി, കുറ്റ്യാടി, താമരശ്ശേരി എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | നോർത്ത് വയനാട് | ബേഗൂർ, മാനന്തവാടി പെരിയ റെയിഞ്ചുകളിലായി എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| | കാസർഗോഡ് | കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| | സൗത്ത് വയനാട് | ചെതലത്ത്, കൽപ്പറ്റ, മേപ്പാടി എന്നീ റെയിഞ്ചുകളിൽ ഉൾപ്പെട്ട വനാതിർത്തികളിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | | എല്ലാ വനപ്രദേശങ്ങളിലും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. |
| വന്യജീവി വിഭാഗം, കോട്ടയം | മൂന്നാർ വൈൽഡ് ലൈഫ് | അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുണ്ട്. |
| | പെരിയാർ ഈസ്റ്റ് | വള്ളക്കടവ് റെയിഞ്ചിൽ ഇ.എഫ്.എൽ ആയി പ്രഖ്യാപിച്ചിട്ടുള്ള 67.52 ഹെക്ടർ ഭൂമിയുടെ ജണ്ട നിർമ്മാണം ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും, വള്ളക്കടവ്, തൊണ്ടിയാർ ഭാഗത്ത് കയ്യേറ്റ വനഭൂമി അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് ബഹു. പീരുമേട് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും, ടി രണ്ട് മേഖലകളിൽ ജണ്ടകൾ നിർമ്മിച്ച് വനാതിർത്തി നിർണ്ണയം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| | വയനാട്, സൈലന്റ് വാലി, ആറളം | അതിർത്തി നിർണ്ണയം പ പൂർത്തിയാക്കാനുണ്ട്. |
| | ചൂലന്നൂർ മയിൽ സങ്കേതം | അതിർത്തി നിർണ്ണയം പൂർത്തിയാക്കാനുണ്ട്. |